# FIRST TERM EVALUATION 2014 - 2015

## Malayalam Paper I

Std. 10 | Time : 1½ hrs. | Score : 40

**നിർദ്ദേശങ്ങൾ :**

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- ഓരോ ചോദ്യത്തിന്റെയും സ്കോർ അതാത് ചോദ്യത്തിനു നേരെ നൽകിയിരിക്കുന്നു.
- പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമായി കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

1. ചുവടെ കൊടുത്തിരിക്കുന്ന മാതൃകനോക്കി തന്നിരിക്കുന്ന പദത്തെ ഘടകപദങ്ങളായി മാറ്റിയെഴുതുക.

   ചാരുരൂപൻ = ചാരുവായ രൂപത്തോടുകൂടിയവൻ

   മൃദുലളിതം,- ............................ (1)

2. ചലദളി എന്ന പദം പിരിച്ചെഴുതിയിരിക്കുന്നത് ശ്രദ്ധിക്കൂ. അതിൽ നിന്നും ശരിയായത് മാത്രം എടുത്തെഴുതുക.

   ചലത് + അളി

   ചലദ് + അളി

   ചല + ദളി (1)

3. നളനഗരേ വാഴുന്നു ഞാൻ നളിന
   ജന്മവചസാ
   നളിനമിഴിമാർക്കെല്ലാം നടപഠിപ്പാൻ

   ഈ വരികളിൽ ദമയന്തിയെ സ്വാധീനിക്കാനുള്ള എന്തെല്ലാം തന്ത്രങ്ങളാണ് ഒളിഞ്ഞിരിക്കുന്നത്? (2)

4. ഒരു കുട്ടി, കഥകളി സെമിനാറിനുവേണ്ടി തയ്യാറാക്കിയ വിവരശേഖരപട്ടികയാണിത്. പൂരിപ്പിക്കുക

| | കഥകളി ഒരു പഠനം | | |
|---|---|---|---|
| | വേഷം | വാദ്യം | ചടങ്ങ് |
| 1. | | | |
| 2. | | | |

(2)

5. 'ആധുനിക തലമുറ വ്യക്തിത്വത്തെയല്ല വേഷങ്ങളെയാണ് മാനിക്കുന്നത്'
   ആർട്ട് അറ്റാക്കിലെ കഥാപാത്രങ്ങളെ വിലയിരുത്തി പ്രതികരിക്കുക (2)

6. ചലദളിഝങ്കാരം ചെവികളിലംഗാരം
   കോകിലകൂജിതങ്ങൾ

   ശബ്ദതലത്തിലും അർത്ഥതലത്തിലും ഈ ശ്ലോകത്തിന് ദമയന്തിയുടെ മാനസികാവസ്ഥ പ്രതിഫലിപ്പിക്കാൻ നന്നായി കഴിയുന്നുണ്ടോ? വിശകലനം ചെയ്യുക. (4)

www.modelquestionpapers.in

7. കലയോടുള്ള ഗിരിരാജിന്റെ സമീപനവും കലാനിരൂപകനെന്ന നിലയിൽ ശിവരാമന്റെ നിലപാടും താരതമ്യം ചെയ്യുക. **(4)**

8. വാമൊഴിയുടെ തനിമയാണ് കൂത്തിലെ ഭാഷയെ ആകർഷകമാക്കുന്ന മുഖ്യ ഘടകം. പാഠഭാഗവുമായി ബന്ധപ്പെടുത്തി സമർത്ഥിക്കുക **(4)**

9.

| |
|---|
| തല, താഴില്ല, താഴ്ത്തില്ല<br>ഇവൾ തൻകാലിൽ നിൽപവൾ<br>ഇവൾ തൻ പുഞ്ചിരിക്കൊള്ളും<br>മുഖമാണമ്മതൻമുഖം |

| |
|---|
| ഉള്ളിൽ കൊടും<br>തീയാളിടും<br>ധരിത്രിയെപ്പോലെ<br>തണുത്തിരുണ്ടവൾ |

| |
|---|
| വിശിഷ്ടമായ സൗമ്യവും<br>ശാന്തവുമായ ആത്മാവാകുന്ന<br>അനശ്വരരത്നം അണിഞ്ഞ<br>ആന്തരികവ്യക്തിത്വത്തിനു<br>ടമയാണ് സ്ത്രീ. |

സ്ത്രീകളെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളാണിവ. കാവ്യഭാഗങ്ങൾ താരതമ്യം ചെയ്യുക. **(4)**

10. 'കടലോളം കണ്ണീർ കുടിച്ചവൾ...........'

സ്ത്രീജന്മത്തിനു കവയിത്രി നൽകിയ വിശേഷണങ്ങൾ ഇന്നും പ്രസക്തമാണോ? വിമർശനാത്മകമായി വിലയിരുത്തുക. **(4)**

11. ആശാന്റെ ഏതെങ്കിലും ഒരു നായികയുടെ ജീവിതം നിരൂപണം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

(ഉദാ നളിനി, സീത, ലീല, സാവിത്രി) **(6)**

12. ഹംസം ഉത്തമനായ ഒരു ദൂതനാണ് എന്നതിന് പാഠഭാഗത്തു നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി സമർത്ഥിക്കുക. **(6)**

www.modelquestionpapers.in